സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ ജനറൽ മാനേജർ ഉൾപ്പടെയുള്ള വിശിഷ്ട വ്യക്തികൾ പങ്കെടുക്കുന്ന ചടങ്ങ് കൊല്ലം ജില്ലയിൽ നടക്കുന്നു. ചടങ്ങിന്റെ ഒടുവിൽ ജനറൽ മാനേജർക്ക് സംഘാടകരുടെ വക ഒരു സർപ്രൈസ്. തനിക്ക് ലഭിച്ച സമ്മാനം കണ്ട് വിടർന്ന മുഖത്തോടെ അദ്ദേഹം ചോദിച്ചു
"ആരാണിത് വരച്ചത്?"
"നമ്മുടെ ഒരു മാനേജർ ആണ് സാർ."
"ആളെ വിളിക്കൂ"
ഫോണിൽ ആളെ വിളിക്കുമ്പോഴേക്കും അദ്ദേഹത്തിന് ഒരു ഫോൺ..
ബാങ്കിന്റെ റീജിയണൽ മാനേജർ ഫോൺ ഏറ്റെടുത്തു..
"ചിത്രം സൂപ്പർ, അഭിനന്ദനങ്ങൾ, കീപ് ഇറ്റ് അപ്പ്"
ചിത്രകാരൻ ആകാശത്തോളം ഉയർന്നു.

ഒരുപാട് ചിത്രങ്ങൾ വരച്ചിട്ടുണ്ടെങ്കിലും തന്റെ ഒരു ചിത്രത്തിന് ഒരു ഉന്നതവ്യക്തിയിൽ നിന്നും നേരിട്ട് കേട്ട അഭിനന്ദനങ്ങളിൽ ചിത്രകാരന്റെ മനസ്സിൽ കുളിർമഴ പെയ്തു.
തന്റെ ഫ്രെയിം ചെയ്യപ്പെട്ട ആദ്യചിത്രം നേരിൽ കാണാൻ കൊതിയോടെ കാത്തിരിക്കുന്ന ആ ചിത്രകാരനാണ് ഈ ദളത്തെ സമ്പന്നമാക്കുന്നത്.

അമൽഭാനു,
സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ,
പൂഞ്ഞാർ ശാഖ

ചിറയിൻകീഴ് സ്വദേശിയും തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലെ റിട്ടയേർഡ് ചീഫ് അക്കൗണ്ടന്റുമായ ഉദയഭാനുവിന്റെയും മൃഗസംരക്ഷണ വകുപ്പിൽ നിന്നും റിട്ടയേർഡ് ആയ രോഹിണിയുടെയും രണ്ടു മക്കളിൽ മൂത്തയാളായ അമൽ ഭാനുവിന്റെ ബാല്യകാലം ചിറയൻകീഴിൽ തന്നെയായിരുന്നു. എൽകെജി മുതൽ പത്താം ക്ലാസ്സ് വരെ ആറ്റിങ്ങൽ നവഭാരത് ഹൈസ്കൂളിലാണ് പഠിച്ചത്. തുടർന്ന് പ്രീഡിഗ്രി പഠനത്തിനായി തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജിൽ ചേർന്നു.

നാലാംക്ലാസിൽ പഠിക്കുമ്പോൾ സ്കൂളിലെ ചിത്രകലാ അദ്ധ്യാപികയായിരുന്നു ഡെയ്സി ടീച്ചറാണ് അമൽ ഭാനുവിനെ ചിത്രകലയിലേക്ക് നയിച്ചത്. ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് പഠനത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തിയിരുന്ന അമൽ ചിത്രകലയിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിരുന്നില്ല.

എന്നാൽ കോളേജ് പഠനകാലത്ത് നിരവധി ആർട്സ് ഫെസ്റ്റിവലുകളിലും മറ്റും പങ്കെടുക്കാൻ അവസരം ലഭിച്ചതാണ് പിന്നീട് ചിത്രകലയെ തേച്ചു മിനുക്കാൻ അവസരമൊരുക്കിയത്.

അക്കാലത്ത് നിരവധി പരിപാടികളിൽ പങ്കെടുക്കാനും ചിത്രങ്ങൾ വരയ്ക്കാനും സാധിച്ചത് വലിയ ഒരു അനുഗ്രഹം ആയിരുന്നു എന്ന് അമൽ ഓർക്കുന്നു.
പ്രീഡിഗ്രി പഠനത്തിനു ശേഷം പ്രവേശന പരീക്ഷയിലൂടെ അമൽ പെരുമൺ എൻജിനീയറിങ് കോളേജിൽ അഡ്മിഷൻ നേടി. പെരുമൺ എൻജിനീയറിങ് കോളേജിലെ ആദ്യ ബാച്ചിലെ ഒരു വിദ്യാർഥിയായിരുന്നു അമൽ.
അക്കാലത്ത് കോളേജിലെ മത്സരങ്ങളിലും യൂണിവേഴ്സിറ്റി യുവജനോത്സവങ്ങളിലും പങ്കെടുക്കാൻ അവസരം ലഭിച്ചു.

സ്ഥിരമായി വരയ്ക്കാറില്ല എങ്കിലും ചിത്രകല അമലിനെ മനസ്സിനെ എന്നും ജ്വലിപ്പിച്ചു കൊണ്ടിരുന്നു. കോളേജിൽ നിന്നു പുറത്തിറങ്ങിയ അമൽ 2006ൽ സെൻട്രൽ ബാങ്കിൽ ഐടി ഓഫീസറായി നിയമനം നേടി. മുംബൈയിലായിരുന്നു ആദ്യ പോസ്റ്റിംഗ്. ഐടി മേഖലയിലെ ജോലി ആയതുകൊണ്ട് തന്റെ പ്രിയപ്പെട്ട ചിത്രകലയെ അധികം താലോലിക്കാൻ അമലിന് അവസരം ലഭിച്ചിരുന്നില്ല.

2012ൽ സ്കെയിൽ ടു പ്രമോഷൻ നേടി സ്വന്തം ജില്ലയായ തിരുവനന്തപുരത്തേക്ക് എത്തിച്ചേർന്നു. തിരുവനന്തപുരം റീജിയണൽ ഓഫീസിലായിരുന്നു നിയമനം. ബാങ്കിന്റെ ചില സാങ്കേതിക പ്രശ്നങ്ങളിൽ 2015ൽ റീജിയണൽ ഓഫീസ് നിർത്തലാക്കിയപ്പോൾ കോയമ്പത്തൂരിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെട്ടു. ആ കാലത്താണ് കുറേശ്ശെയായി അമൽ വീണ്ടും തന്റെ കലാഭിരുചിയെ ശ്രദ്ധിക്കാൻ തുടങ്ങിയത്.

ബാങ്കിന്റെ ഫൗണ്ടേഴ്സ് ഡേയ്ക്ക് ബാങ്കിന്റെ സ്ഥാപകനായിരുന്ന സൊറാബ്ജി പോച്ച്ക്കാനാവാലയുടെ ചിത്രം വരച്ച് ഫെയ്സ്ബുക്കിൽ പോസ്റ്റ് ചെയ്തത് സെൻട്രൽ ബാങ്കിലെ ധാരാളം ജീവനക്കാരുടെ ശ്രദ്ധ പിടിച്ചു പറ്റി. ബാങ്കിന്റെ അന്നത്തെ കോയമ്പത്തൂർ റീജിയണൽ മാനേജർ അമലിനെ പ്രത്യേകം അഭിനന്ദിക്കുകയും അന്നത്തെ യോഗത്തിൽ പരാമർശിക്കുകയും ചെയ്തു.

ആ കാലഘട്ടത്തിൽ ആണ് അമൽ ടാലന്റഡ് ബാങ്കേഴ്സ് ഗ്രൂപ്പിൽ അംഗമാകുന്നത്. ചിത്രകലക്കൊപ്പം ട്രോളുകൾ ഇഷ്ടപ്പെട്ടിരുന്ന അമൽ ടാലന്റഡ് ബാങ്കേഴ്സിന്റെ സഹ ഗ്രൂപ്പായ ബാങ്ക് ട്രോൾസ് ഗ്രൂപ്പിൽ സജീവമാകുകയും നിരവധി ട്രോളുകൾ പോസ്റ്റ് ചെയ്യുകയും ചെയ്തു. അതുവഴി ലഭിച്ച സൗഹൃദങ്ങൾ തന്റെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വലിയ പ്രചോദനമായി എന്ന് സന്തോഷത്തോടെ അമൽ പറയുന്നു.

2019 ൽ ഐ ടി യിൽ നിന്നും മെയിൻസ്ട്രീമിലേക്ക് മാറി കോട്ടയം ചെമ്പ് ശാഖയിൽ അസിസ്റ്റന്റ് മാനേജർ ആയി നിയമിക്കപ്പെട്ടു.

കോവിഡാനന്തര ലോക്കൗൺ ആണ് ചിത്രകലയിൽ തനിക്ക് വഴിത്തിരിവായതെന്നാണ് അമലിൻ്റെ പക്ഷം. ആ കാലത്തുലഭിച്ച ഇടവേളകളിൽ ധാരാളം ചിത്രങ്ങൾ വരയ്ക്കാനും ഗ്രൂപ്പുകളിൽ പോസ്റ്റ് ചെയ്യാനും കഴിഞ്ഞു.

അതുവഴി ഗ്രൂപ്പ് അംഗങ്ങളിൽ നിന്ന് ലഭിച്ച പ്രോത്സാഹനം വളരെ വലുതാണെന്നും അമൽ നന്ദിയോടെ ഓർക്കുന്നു.
2011ൽ ആണ് അമലിൻ്റെ മനസ്സെന്ന ക്യാൻവാസ്സിലേക്ക് വർണക്കൂട്ടുമായി ഡോക്ടർ ലക്ഷ്മി മോഹൻ വന്നുചേർന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഫിസിക്കൽ മെഡിസിൻ വിഭാഗം അസിസ്റ്റൻ്റ് പ്രൊഫസർ ആയ ലക്ഷ്മി തൻ്റെ കലാസപര്യയിൽ നിറഞ്ഞ പ്രോത്സാഹനം ആണെന്ന് അഭിമാനത്തോടെ അമൽ പറയുന്നു. ഇരുവരും ചേർന്നൊരുക്കിയ വർണക്കൂട്ടിൽ വിടർന്ന ചാരുതയാർന്ന പുഷ്പങ്ങൾ പത്ത് വയസ്സുകാരൻ ഹരിഗോവിന്ദും ഒരു വയസ്സുകാരൻ ശിവയും.

ഇതിനേക്കാളേറെ അമലിന് പറയാനുള്ളത് തൻ്റെ സഹപ്രവർത്തകരെക്കുറിച്ചും ടാലൻ്റഡ് ബാങ്കേഴ്സിലെ സുഹൃത്തുക്കളെക്കുറിച്ചുമാണ്. ഒപ്പം പാരിപ്പള്ളി മെഡിക്കൽ കോളേജിൽ ലാബ് ടെക്നിഷ്യൻ ആയി ജോലി നോക്കുന്ന സഹോദരി ആശാ ഭാനുവിനെക്കുറിച്ചും.
അവർ നൽകുന്ന പ്രോത്സാഹനങ്ങൾ തൻ്റെ ചിത്രമെഴുത്തിന് നൽകുന്ന ഊർജ്ജം അളവറ്റതാണെന്ന് അമൽ.

ഗ്രാഫൈറ്റ്, വർണപ്പെൻസിലുകളെ ഏറെ ഇഷ്ടപ്പെടുന്ന, വർണങ്ങളും വരകളും കൊണ്ട് നമ്മെ വിസ്മയിപ്പിക്കുന്ന അമലിൻ്റെ മികച്ച കലാസൃഷ്ടികൾ പുറത്ത് വരാനിരിക്കുന്നേയുള്ളൂ. പിറന്ന ചിത്രങ്ങൾ മനോഹരം, പിറക്കാനിരിക്കുന്നവ അതിമനോഹരം. അമലിൻ്റെ ബ്രഷുകൾക്കും ചായക്കൂട്ടുകൾക്കും ഇനിയും മികച്ച വർണപ്രപഞ്ചം തീർക്കാൻ കഴിയട്ടെയെന്ന് സ്നേഹപൂർവ്വം ആശംസിക്കുന്നു.

---------------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഇരിങ്ങാലക്കുട ടൗൺ ശാഖ, തൃശൂർ

---------------------------------------------------------------------------------------------------

An event was ongoing at Kollam in which many dignitaries including the General Manager of Central Bank of India was being a part of. The organizers of the event threw up a suprise to him at the conclusion of the event. With his lightened up countenance manifesting exuberance he

enquired.

"Who painted this picture?"
"He's one of our managers, sir."
"Contact that person"
When we were about to get through to the artist, he called to the Office and the Regional Head picked it up.

"Your drawing is fantastic. Congratulations, Keep It up".

On this, the painter felt as if he got exalted to the sky. Despite having painted many pictures before, the commendations he received from such a dignitary made him feel like drizzle of bliss making it's way to him as though to invoke excitement.
Let's introduce to you this week, some one who is yearning to behold his framed painting for the first time.

Amal Bhanu,
Central Bank of India,
Poonjar branch.

Amal Bhanu, the eldest of the two children of Udayabhanu, who retired as Chief Accountant from District Co-operative Bank, Trivandrum and Rohini, who retired from Animal Husbandry Department, spent his childhood in Chirayinkeezhu. He had his schooling from LKG to Class X at Navbharat High School, Attingal. He thereafter joined Government Arts College, Thiruvananthapuram for doing his undergraduate course.

Amal Bhanu was introduced to the art of painting by Daisy, his teacher when he was studying in fourth-grade. Amal, who shifted his focus to his studies when at high school, did not pay much heed to painting. However, during his college days, he had the opportunity to participate in many arts festivals, which thusly gave him the opportunity to refine his paintings symbolising excellence.

Amal is fondly reminiscent of being able to attend many events and draw pictures at that time. After completing his undergraduate studies, he got admission in Engineering College at Perumon through an entrance examination. Amal was a first batch student of Perumon Engineering College.

During those days, he got opportunity to participate in the competitions hosted at college and University youth festivals.
Although he never used to paint regularly, the art always enkindled him.

After graduating from college, he joined Central Bank as IT Officer in 2006. His first posting was in Mumbai. Amal could not spent much time painting due to his hectic schedule.

He got promoted to Scale 2 in 2012 and moved to Thiruvananthapuram where he started working in the Regional Office of the bank. He was transferred to Coimbatore in 2015 when the

regional office in Trivandrum was closed down. It was at that time that Amal began ensuing his artistic journey again.

He painted the portrait of Shri Sorabji Pochkhanawala, the founder of the bank and posted it in facebook on the Foundation day which garnered the attention of many staff members of the bank. He was lauded by the then Regional Head, RO coimbatore and he mentioned Amal's name in the meeting.

It was during that period that Amal became a member of the Talented Bankers Group. Amal, who loved trolls alike painting, became active in the Bank Trolls group and posted several trolls. Amal happily acknowledges that the people whom he have made friends with have been a great source of incessant inspiration in improving improve his skills multifold.

In 2019, he shifted from IT to venture into Mainstream banking and was posted as Assistant Manager, at Chembu Branch, Kottayam. According to Amal, it was the lockdown period that witnessed his turning point as a painter when he was able to draw lots of pictures and post them in groups.
Amal gratefully recounts the immense encouragement he received from the group members.

It was in 2011 that Dr. Lakshmi Mohan entered his life through the canvas of his heart, filling it with hues all over. Amal is proud to say that Lakshmi, Asst Professor,
Physical Medicine Rehabilitation Dept
Medical College, Thriuvananthapuram supports him wholeheartedly in all his endeavours.They have two children, Ten-year- old Harigovind and one-year - old Siva.

Amal has much more to say about his colleagues, his friends in Talented Bankers group and his sister Asha Bhanu, who works as a lab technician at Paripally Medical College, who all serves as a source of impetus driving the aspirations of Amal way beyond.

More enthralling paintings by Amal who loves graphite and color pencils and enthralls us with his colors and stripes, are in the offing. Talented Bankers Community heartfully wishes Amal to explore greater heights of art and bestow hues to the world around